പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1019 21/03/2013 - ൽ മറുപടിയ്ക്ക്

സ്കൂൾ വിദ്യാർത്ഥികളിലെ പുകയില ഉപഭോഗം

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പുകയില ഉപഭോഗം കർശനമായി തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) വിദ്യാലയങ്ങൾ പുകയില വിമുക്തമാക്കുന്നതിനായി സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ച് വരുന്നു. പുകയില നിരോധന നിയമം (COPTA) കർശനമായി നടപ്പിലാക്കുവാനായി 17/5/12 തീയതിയിലെ ജി.ഒ.(ആർ.റ്റി) 1479/12/ആഭ്യന്തരം പ്രകാരം രൂപീകരിച്ചിട്ടുള്ള സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ പരിസരത്ത് പുകയില ഉൽപന്നങ്ങളുടെ വിപണനവും ശേഖരണവും തടയുന്നുണ്ട്. കൂടാതെ സ്കൂൾ പുകയില വിമുക്ത മേഖലയാണെന്ന് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) സ്കൂളുകളിൽ ഏതെല്ലാം രീതിയിലുള്ള പുകയില വിരുദ്ധ പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വെളി | (ബി) സ്കൂളുകളിലെ പുകയില വിരുദ്ധ പ്രവർത്തനങ്ങൾ പ്രധാനമായും എൻ.എസ്.എസ്. സെല്ലിന്റെ കീഴിൽ സേവ് എ |

| | |
|---|---|
| പ്പെടുത്തുമോ ? | ടീനേജർ പദ്ധതിയുടെ ഭാഗമായി ബോധവത്കരണ ക്ലാസ്സുകൾ, സിനിമ പ്രദർശനം, എക്സിബിഷൻ, ഉപന്യാസ മത്സരം, തെരുവു നാടകം, സ്കിറ്റ് എന്നിവ സംഘടിപ്പിക്കുന്നു.<br>പുകയില ഉപഭോഗത്തിനെതിരെയുള്ള മുദ്രാവാക്യം, പോസ്റ്റർ എന്നിവ കുട്ടികളെ ഉൾപ്പെടുത്തി തയ്യാറാക്കുകയും ബോധവത്കരണറാലികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.<br>മലബാർ ക്യാൻസർ സെന്റർ പുറത്തിറക്കിയ പുകയില നിർമ്മാർജനത്തിനൊരു കൈപുസ്തകം എന്ന പുസ്തകം എല്ലാ സ്കൂളുകളിലും വിതരണം ചെയ്തു.<br>പുകയില വിമുക്ത വിദ്യാലയം പ്രാവർത്തികമാക്കാൻ സ്റ്റുഡൻസ് പോലീസ് കേഡറ്റ്സ്, എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ് എന്നിവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ